# പൊതുജനാരോഗ്യവും ജനപങ്കാളിത്തവും

**ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി**
**അംഗങ്ങളുടെ അർദ്ധദിന ശില്പശാല**

2017 ജൂലൈ 6, വെള്ളിയാഴ്ച 02.00 pm
**വേദി: ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് ഹാൾ**

| | | |
|---|---|---|
| സ്വാഗതം | : | **ശ്രീമതി രജനി ജനാർദ്ദനൻ,**<br>ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപെഴ്സൺ |
| ഉദ്ഘാടനം | : | **ശ്രീമതി ഐ.എസ്. ഉമാദേവി,**<br>പ്രസിഡന്റ്, ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത്. |
| മുഖ്യാതിഥി | : | **ഡോ. സുഹിത കെ.**<br>ജില്ലാ മെഡിക്കൽ ഓഫീസർ, തൃശൂർ |
| ആശംസ | : | **ഡോ. ആൻ തോമസ്**<br>സൂപ്രണ്ട്, സാമൂഹ്യ ആരോഗ്യകേന്ദ്രം, വെള്ളാനിക്കര |
| വിഷയാവതരണം | : | **ശ്രീ. അബ്ദുൾ ജബ്ബാർ** R.H.<br>സീനിയർ സൂപ്രണ്ട് (ഓഡിറ്റ്),<br>ജില്ലാ മെഡിക്കൽ കാര്യാലയം, തൃശൂർ. |
| നന്ദി | : | **അഡ്വ. സുനിൽകുമാർ പി.**<br>ലോ ഓഫീസർ, ജനനീതി. |

സംഘാടനം :

**ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് & ജനനീതി, മണ്ണുത്തി**

## പൊതുജനാരോഗ്യവും ജനപങ്കാളിത്തവും

പൊതുജനാരോഗ്യം പഞ്ചായത്തീരാജ് നിയമപ്രകാരം പ്രാദേശിക ഭരണകൂടങ്ങളുടെ ചുമതലയിൽ വർദ്ധിച്ച ജനപങ്കാളിത്തത്തോടെ സംരക്ഷിക്കപ്പെട്ടുവരുന്നതാണ്. ആരോഗ്യം ഭരണഘടന വാഗ്ദാനം ചെയ്യുന്ന മൗലീകാവകാശവും രാജ്യാന്തര ഉടമ്പടികളിൽ ഉറപ്പ് നൽകപ്പെടുന്ന മനുഷ്യാവകാശവുമാണ് സമ്പന്നർ സ്വകാര്യ സ്ഥാപനങ്ങളെ കൂടുതലായി ആശ്രയിക്കുമ്പോൾ സമൂഹത്തിലെ ഭൂരിപക്ഷം വരുന്ന സാധാരണ ജനങ്ങളും ദുർബ്ബല-പിന്നോക്ക വിഭാഗങ്ങളും സർക്കാർ ആസ്പത്രികളെയാണ് ആശ്രയിച്ചുപോരുന്നത്. സർക്കാർ വിദ്യാലയങ്ങളിലെന്നപോലെ സർക്കാർ ആശുപത്രികളും കഴിഞ്ഞ കാലങ്ങളിൽനിന്നും വ്യത്യസ്ഥമായി ഉയർന്ന സേവന നിലവാരവും അനുബന്ധ സൗകര്യങ്ങളും ഉറപ്പുവരുത്തുവാൻ സംസ്ഥാന സർക്കാർ നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടതാണ് ഓരോ പ്രദേശത്തെയും ആശുപത്രികളിലെ ഭൗതീക സൗകര്യങ്ങളും സേവന നിലവാരവും, അവശ്യമരുന്നുകളുടെ ലഭ്യതയും എല്ലായ്പോഴും എല്ലാവർക്കും മികവുറ്റ രീതിയിൽ ഉറപ്പുവരുത്തുന്നതിന് ജനപങ്കാളിത്തത്തോടെയുള്ള ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികൾ. ആസ്പത്രികളുടെ പ്രവർത്തനക്ഷമത, സേവന നിലവാരം ജനാരോഗ്യം ലക്ഷ്യംവച്ചുള്ള വികസന പ്രവർത്തനങ്ങൾ, ഭൗതീക സൗകര്യങ്ങൾ-തുടങ്ങിയവയെല്ലാം ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികളുടെ പ്രവർത്തന പരിധിയിൽ വരുന്നവയാണ്. ചുരുക്കത്തിൽ ഓരോ ആശുപത്രിയുടെയും വിജയകരമായ പ്രവർത്തനവും വികസനവും അതത് സ്ഥലങ്ങളിലെ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ പ്രവർത്തനക്ഷമതയെയും മൂല്യപ്രതിബദ്ധതയെയും ആശ്രയിച്ചിരിക്കുന്നു.

ഈ വസ്തുതകൾ പരിഗണിച്ചുകൊണ്ട്, ജനനീതിയുടെ സഹകരണത്തോടെ ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിൽ കീഴിൽ വരുന്ന ആശുപത്രികളോട് ചേർന്ന് പ്രവർത്തിക്കുന്ന ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങൾക്കുവേണ്ടി 2017 ജൂലൈ 6ന് വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2.00 മതൽ 5 മണിവരെ ഒരു അർദ്ധദിന ശില്പശാല സംഘടിപ്പിക്കുകയാണ്. ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നടത്തപ്പെടുന്ന ശില്പശാല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഐ.എസ്. ഉമാദേവി ഉദ്ഘാടനം ചെയ്യുന്നതാണ്. മുഖ്യാതിഥിയായി ഡി.എം.ഒ. ഡോ. സുഹിത കെ. പങ്കെടുക്കുന്നു. ജില്ലാ മെഡിക്കൽ കാര്യാലയത്തിലെ സീനിയർ സൂപ്രണ്ട് ശ്രീ. അബ്ദുൾ ജബ്ബാർ ക്ലാസ്സ് നയിക്കുന്നതാണ്. ബ്ലോക്ക് ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി രജനി ജനാർദ്ദനൻ സ്വാഗതവും ഡോ. ആൻ തോമസ് സാമൂഹ്യആരോഗ്യകേന്ദ്രം വെള്ളാനിക്കര ആശംസ അർപ്പിക്കുന്നതായിരിക്കും.

ഒല്ലൂക്കര ബ്ലോക്കിലുള്ള മുഴുവൻ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങളും മെഡിക്കൽ ഓഫീസർമാരും അനുബന്ധ വകുപ്പുകളിലെ സ്റ്റാഫംഗങ്ങളും ശില്പശാലയിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.